പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2153 11.06.2018-ൽ മറുപടിക്ക്

## ഇ-ഹെൽത്ത് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സ്വരാജ് | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഇ-ഹെൽത്ത് പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ ; | (എ) | പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള വിവിധശ്രേണിയിലെ ആശുപത്രികളിൽ pilot implementation നടത്തി പുരോഗതിവിലയിരുത്തുകയാണ്. മറ്റു സ്ഥലങ്ങളിൽ Hardware ,Networking, connectivity എന്നിവ പുരോഗമിക്കുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ Networking പുരോഗമിച്ച് വരുന്നു.<br>വേളി, ചെറുന്നിയൂർ, ഉഴമലയ്ക്കൽ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ വെള്ളനാട്, മണമ്പൂർ എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ചെമ്മരുതി ഫാമിലി ഹെൽത്ത് സെന്റർ,പേരൂർക്കട ജില്ലാ മോഡൽ ആശുപത്രി, ഫോർട്ട് താലൂക്ക് ആശുപത്രി, ചിറയിൻകീഴ് താലൂക്ക് ആശുപത്രി, എന്നിവിടങ്ങളിൽ പദ്ധതി ഇപ്പോൾ പ്രവർത്തനക്ഷമമാണ്. ഉപയോക്താക്കളിൽ നിന്നും അഭിപ്രായം സ്വീകരിച്ച് കുറ്റമറ്റ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ പുരോഗമിച്ചു വരികയാണ്.<br>9500 tablet കമ്പ്യൂട്ടറുകൾ സംസ്ഥാനത്തൊട്ടാകെയായി ആരോഗ്യ പ്രവർത്തകർക്ക് വിതരണം ചെയ്യുകയും ആവശ്യമായ പരിശീലനം നല്കിയ ശേഷം വ്യക്തിഗത ആരോഗ്യ വിവര ശേഖരണ നടപടികൾ പുരോഗമിക്കുന്നു<br>ആർദ്രം പദ്ധതിയുടെ പ്രവർത്തങ്ങളിൽ ഇ ഹെൽത്ത് ഭാഗമാകുന്നുണ്ട്. സംസ്ഥാനത്തെ 8 സർക്കാർ മെഡിക്കൽകോളേജുകളിലും, O.P Transformation നടപ്പിലാക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 9 ഡിപ്പാർട്ട്മെന്റുകളിലും SAT യിലും കോട്ടയം മെഡിക്കൽകോളേജിലെ ഗൈനക്കോളജി വിഭാഗത്തിലും ഇത് പ്രാവർത്തികമായി .വയനാട് ജില്ലയിലെ നൂൽപ്പുഴ ഫാമിലി ഹെൽത്ത് സെന്ററിൽ പദ്ധതി നടപ്പിലായി. മറ്റു കേന്ദ്രങ്ങളിൽ സർവെ പൂർത്തീകരിച്ച് ഹാർഡ്‌വെയർ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു. ആർദ്രം പദ്ധതിയുടെഭാഗമായി 170 PHC കൾ FHC കളാക്കി ഉയർത്തുന്നതിന്റെ ഭാഗമായി ഈ കേന്ദ്രങ്ങളിൽ networking പ്രവർത്തനം പുരോഗമിക്കുന്നു. |
| (ബി) | ഏതെല്ലാം ജില്ലകളിൽ / ആശുപത്രികളിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് | (ബി) | തിരുവനന്തപുരം ജില്ലയിലെ വേളി, ചെറുന്നിയൂർ, ഉഴമലയ്ക്കൽ എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ വെള്ളനാട് , മണമ്പൂർ എന്നീ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ പേരൂർക്കട ജില്ലാ മോഡൽ ആശുപത്രി, ഫോർട്ട് , ചിറയിൻകീഴ് എന്നീ താലൂക്ക് |

| | | | |
|---|---|---|---|
| | എന്ന് അറിയിക്കുമോ; | | ആശുപത്രികൾ, പബ്ലിക് ഹെൽത്ത് ലാബ് എന്നിവിടങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിൽ പദ്ധതി പ്രാവർത്തികമാക്കി.<br>തിരുവനന്തപുരം മെഡിക്കൽ കോളേജിൽ Dermatology, Medical Neurology, Neurosurgery, Medical Gastrology, Surgical Gastroenterology, Urology, Endocrinology, Head injury clinic, Plastic Surgery എന്നീ 9 ഡിപ്പാർട്ട്മെന്റുകളിൽ Reception , Que Management System, എന്നിവ പൂർണ്ണമായും O.P Transformation ഭാഗികമായും നടപ്പിലാക്കി.<br>SAT യിലും കോട്ടയം മെഡിക്കൽ കോളേജിലെ ഗൈനക്കോളജി വിഭാഗത്തിലും വയനാട് ജില്ലയിലെ നൂൽപ്പുഴ പ്രാഥമികാരോഗ്യകേന്ദ്രത്തിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയിലൂടെ സർക്കാർ വിഭാവനം ചെയ്യുന്നത് എന്താണെന്ന് വ്യക്തമാക്കുമോ ? | (സി) | ഇ ഹെൽത്ത് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ കൊടുക്കുന്നു.<br>1. വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതുജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക.<br>2. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർ വൽകൃത സേവനങ്ങൾ ലഭ്യമാക്കുക.<br>3. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളേയും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളെയും ഒരു വൈഡ് ഏരിയ നെറ്റ് വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക.<br>4. കേരളത്തിലെ സർക്കാർ മേഖലയിലുള്ള അലോപ്പതി ആശുപതികളിൽ ചികിൽസ നടത്തുന്നവരുടെ ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർ ചികിത്സക്കായി വീണ്ടും എത്തുമ്പോൾ അവ പ്രസ്തുത ആശുപത്രിയിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാകുകയും ചെയ്യുക.<br>വൈദ്യശാസ്ത്രഗവേഷണം, ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ആരോഗ്യ സംരക്ഷണനയ പരിപാടികളുടെ രൂപവത്കരണം പകർച്ചവ്യാധി നിയന്ത്രണം തുടങ്ങിയ മേഖലകളിലെ സമഗ്ര പുരോഗതിക്ക് പദ്ധതി സഹായകരമാണ്. |

സെക്ഷൻ ഓഫീസർ